**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 626** **02-02-2023 - ൽ മറുപടിയ്ക്ക്**

**സംരംഭക വർഷം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ വി ജോയി,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീ. ടി.ഐ.മധുസൂദനൻ,<br>ശ്രീ. കെ. പ്രേംകുമാർ** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | മികച്ച സംരംഭക സംസ്ഥാനമെന്ന നിലയിലേക്ക് സംസ്ഥാനത്തെ ഉയർത്തുന്നതിന് സർക്കാർ നടത്തി വരുന്ന പ്രവർത്തനങ്ങളെ അനുമോദിച്ച് സംരംഭക വർഷം പദ്ധതിയെ രാജ്യത്തെ ബെസ്റ്റ് പ്രാക്ടീസസ് പദ്ധതിയായി കേന്ദ്ര സർക്കാർ ഉയർത്തിക്കാട്ടിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. 2022-23 സാമ്പത്തിക വർഷം സംരംഭക വർഷമായി പ്രഖ്യാപിച്ചു കൊണ്ട് കേരളത്തിൽ ചുരുങ്ങിയത് ഒരു ലക്ഷം സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഒരു ലക്ഷം സംരംഭങ്ങൾ എന്ന ബൃഹത്തായ പദ്ധതി തദ്ദേശ സ്വയംഭരണം, സഹകരണം, ഫിഷറീസ്, മൃഗസംരക്ഷണം മുതലായ വകുപ്പുകളുടെ സഹകരണത്തോടെ വ്യവസായ വകുപ്പ് നടപ്പാക്കി വരുന്നു. ഈ പദ്ധതിയുടെ ഭാഗമായി 2023 ജനുവരി 30 വരെയുള്ള കണക്ക് പ്രകാരം സംസ്ഥാനത്ത് 1,27,214 സംരംഭങ്ങൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇത് വഴി 7710.85 കോടി രൂപയുടെ നിക്ഷേപവും 2,73,931 പുതിയ തൊഴിലവസരങ്ങളും ഉണ്ടായി.<br><br>ബഹുമാനപ്പെട്ട ഇന്ത്യൻ പ്രധാനമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഡൽഹിയിൽ നടന്ന സംസ്ഥാന ചീഫ് സെക്രട്ടറിമാരുടെ യോഗത്തിൽ രാജ്യത്തെ"ബെസ്റ്റ് പ്രാക്ടീസ്" ആയി സംരംഭക വർഷം പദ്ധതി അവതരിപ്പിക്കാൻ കേന്ദ്രസർക്കാർ തെരഞ്ഞെടുത്തിരുന്നു. |
| (ബി) | വ്യവസായ മേഖലയ്ക്ക് ദേശീയ തലത്തിൽ ആദ്യമായി ഇത്തരമൊരു അംഗീകാരം നേടിയെടുക്കുന്ന വിധത്തിൽ സർക്കാർ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിശദമാക്കുമോ; | (ബി) | 2022-23 സംരംഭക വർഷമായി കേരളാ സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. സംരംഭക വർഷത്തിന്റെ ഭാഗമായി കേരളത്തിൽ ചുരുങ്ങിയത് ഒരു ലക്ഷം സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ ആരംഭിച്ചു കൊണ്ട് 3 മുതൽ 4 ലക്ഷം വരെയുള്ള ആളുകൾക്ക് തൊഴിൽ കൊടുക്കുവാൻ ലക്ഷ്യമിട്ട് തദ്ദേശ സ്വയംഭരണം, സഹകരണം, ഫിഷറീസ്, മൃഗസംരക്ഷണം മുതലായ വകുപ്പുകളുടെ സഹകരണത്തോടെ വ്യവസായവകുപ്പ് ആരംഭിച്ചിട്ടുള്ള സംരംഭകവർഷം പദ്ധതി. 30/3/2022 ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തു.<br><br>പദ്ധതിയുടെ ഭാഗമായി 2023 ജനുവരി 30 വരെയുള്ള കണക്ക് പ്രകാരം സംസ്ഥാനത്ത് 127214 സംരംഭങ്ങൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇത് വഴി 7710.85 കോടി രൂപയുടെ നിക്ഷേപവും 273931 പുതിയ തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടു.<br><br>പുതിയ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി വ്യവസായ വകുപ്പ് നിരവധി പ്രവർത്തനങ്ങൾ ഏറ്റെടുത്തിട്ടുണ്ട്<br><br>1. വിവിധ സർക്കാർ വകുപ്പുകൾ, ഏജൻസികൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ബാങ്കുകൾ എന്നിവ വാഗ്ദാനം ചെയ്യുന്ന സേവനങ്ങൾ പ്രയോജനപ്പെടുത്തി സംരംഭങ്ങൾ തുടങ്ങാൻ ആഗ്രഹിക്കുന്ന സംരംഭകരെ കണ്ടെത്തുകയും അവർക്കു വേണ്ട സഹായങ്ങൾ നല്കുന്നതിനുമായി എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും **1153** പ്രൊഫഷണലുകളെ നിയമിച്ചിട്ടുണ്ട്.<br>2. സംസ്ഥാനത്തെ **1034** തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ തിങ്കൾ, ബുധൻ ദിവസങ്ങളിൽ പ്രവർത്തിക്കുന്ന ഹെൽപ്പ് ഡെസ്കുകൾ സ്ഥാപിച്ചു.<br>3. സംരംഭക വർഷത്തിന്റെ വിവിധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിനായി സംസ്ഥാന, ജില്ലാ, തദ്ദേശ സ്ഥാപന തലത്തിൽ കമ്മിറ്റികൾ രൂപീകരിച്ചു.<br>4. സംരംഭക വർഷം പദ്ധതിയുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ നിയമസഭാ സാമാജികർക്കുള്ള ശിൽപ്പശാല **2022** ജൂലൈയിൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ നിയമസഭാ സമുച്ചയത്തിൽ വച്ച് നടത്തുകയുണ്ടായി. പ്രസ്തുത ശിൽപ്പശാലയിൽ സംരംഭക വർഷം പദ്ധതിയുടെ നിയമസഭാ നിയോജകമണ്ഡലം അടിസ്ഥാനത്തിലുള്ള പുരോഗതി വിലയിരുത്തൽ എല്ലാ നിയമസഭാ സാമാജികരും അവരവരുടെ മണ്ഡലത്തിൽ നിർവ്വഹിക്കുന്നതിന് തീരുമാനിച്ചു. പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നതിനായി മണ്ഡലതല അവലോകന യോഗങ്ങൾ നടത്തി വരുന്നു.<br>5. ഒരു ലക്ഷം സംരംഭങ്ങളുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകളുടെ നേതൃത്വത്തിൽ ആരംഭിക്കുന്ന സംരംഭങ്ങളുടെ വിവരങ്ങൾ ശേഖരിക്കുന്നതിനും അവയുമായി ബന്ധപ്പെട്ട കൃത്യമായ കണക്കുകൾ സൂക്ഷിക്കുന്നതിനും ഒരു ഓൺലൈൻ പോർട്ടൽ ആരംഭിച്ചിട്ടുണ്ട്.<br>6. വ്യവസായ വകുപ്പിനു കീഴിൽ ഉള്ള **59** താലൂക്ക് വ്യവസായകേന്ദ്രങ്ങളെയും എന്റർ പ്രൈസസ് ഫെസിലിറ്റേഷൻ സെന്ററുകളായി മാറ്റുകയും, അവിടെയെല്ലാം താലൂക്ക് റിസോഴ്സ്പേഴ്സൺമാരെ നിയമിക്കുകയും ചെയ്തു. എല്ലാ ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും **(14)** ജില്ലാ റിസോഴ്സ്പേഴ്സൺമാരെ നിയമിച്ചു. |

7. എല്ലാ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്കും **4%** പലിശയ്ക്ക് വായ്പ നൽകുവാൻ സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റിയുമായി **(SLBC)** ചേർന്ന് കേരള എന്റർപ്രൈസസ് ലോൺ സ്കീം **(KELS)** അവതരിപ്പിച്ചു.
8. എല്ലാ ജില്ലകളിലും എം.എസ്.എം.ഇ ക്ലിനിക്കുകൾ പ്രവർത്തനം ആരംഭിച്ചു.
9. പ്രൈവറ്റ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്കീം വഴി **10** ഏക്കറിന് മുകളിൽ സ്ഥല വിസ്തൃതി കൈവശമുള്ള സ്വകാര്യ മേഖലയിലുള്ള വ്യവസായികൾക്ക് വ്യവസായിക പാർക്കുകൾ ആരംഭിക്കാനുള്ള പെർമിറ്റ് നൽകി തുടങ്ങി.
10. വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സംരംഭക സാധ്യതയുള്ളതായി വ്യവസായ വകുപ്പ് കണ്ടെത്തിയിട്ടുള്ള ഉത്പ്പന്നങ്ങൾ സംബന്ധിച്ച വിവരങ്ങൾ തദ്ദേശ സ്വയംഭരണ വകുപ്പിന് കൈമാറിയിട്ടുണ്ട്. അതാത് തദ്ദേശ സ്ഥാപനങ്ങൾ ഈ ഉൽപ്പന്നങ്ങളുടെ സാധ്യത പരിശോധിച്ച്, താല്പര്യമുള്ള തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ**,** ഒരു തദ്ദേശ സ്ഥാപനം ഒരു ഉൽപ്പന്നം (**One Local body One Product-OLOP)** എന്ന ആശയം നടപ്പിലാക്കാനും പ്രസ്തുത ഉൽപ്പന്നങ്ങളുടെ മൂല്യവർദ്ധനയെ പ്രോത്സാഹിപ്പിച്ച കൊണ്ട് കൂടുതൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ **447** തദ്ദേശ സ്ഥാപനങ്ങൾ ഉൽപ്പന്നങ്ങൾ തിരഞ്ഞെടുത്തു കഴിഞ്ഞു.
11. കേരളത്തിൽ നിർമിക്കപ്പെടുന്ന ഉൽപ്പന്നങ്ങളുടെ ഗുണമേന്മ സാക്ഷ്യപ്പെടുത്തുന്നതിനും അവയ്ക്ക് ദേശീയ അന്തർദേശീയ വിപണികൾ പ്രാപ്യം ആക്കുന്നതിനു സഹായിക്കുന്നതിനായി **കേരള ബ്രാൻഡ്** സംവിധാനം ആരംഭിക്കുന്നതിനുള്ള നടപടികളും കൂടാതെ സംസ്ഥാനത്തെ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളുടെ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യാനായി **Open Network for Digital Commerce (ONDC)** യുമായി ചേർന്ന് ഒരു ഓപ്പൺ നെറ്റ്‌വർക്ക് പ്ലാറ്റ്ഫോം നിർമിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നുണ്ട്.
12. സംസ്ഥാനത്തെ ഭൗമ സൂചിക **(GI)** ലഭിച്ചിട്ടുള്ള വിവിധ ഉൽപ്പന്നങ്ങളുടെ പ്രോത്സഹനത്തിനായും അവയ്ക്ക് അനുയോജ്യമായ വിപണി കണ്ടെത്തുന്നതിനായും ഇതിൽ നിന്നുള്ള ലാഭം യഥാർത്ഥ നിർമാതാക്കളിൽ എത്തിക്കുന്നതിനായി ഇത്തരം ഉല്പന്നങ്ങൾക്കായി ഒരു ജി. ഐ മാർക്കറ്റിങ്ങ് പോർട്ടൽ ആരംഭിച്ചു. ഭൗമ സൂചിക ലഭിച്ചിട്ടുള്ള കേരളത്തിൽ നിന്നുള്ള ഉല്പാദകരുടെ ഒരു സംഗമം ഇതിന്റെ ഭാഗമായി 2023 ജനുവരി മാസം നടത്തി.
13. വിദേശത്തുള്ള മലയാളികളെ സംരംഭകത്വത്തിന്റെ വിവിധ മേഖലകളെ കുറിച്ച് ബോധവാന്മാർ ആക്കുകയും അവരെ കേരളത്തിൽ സംരംഭങ്ങൾ ആരംഭിക്കാൻ പ്രാപ്തരാക്കുകയും അത് വഴി കേരളത്തിലെ നിക്ഷേപം വർദ്ധിപ്പിക്കുകയും ചെയ്യുന്നതിന് പ്രവാസികൾക്കായി ശില്പശാല **2023** ജനുവരി മാസത്തിൽ നടത്തി.

തുടർന്ന് ഓഗസ്റ്റ് - സെപ്റ്റംബർ മാസങ്ങളിൽ എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലും വായ്പ/ ലൈസൻസ്/ സബ്സിഡി മേളകൾ നടത്തി**.** വായ്പാമേളയുടെ ഭാഗമായി ലഭിച്ച **5556** അപേക്ഷകളിൽ (**297** കോടി രൂപ മൂല്യം) **108** കോടി രൂപയുടെ വായ്പകൾ അനുവദിച്ചു. മേളയുടെ ഭാഗമായി **4919** ലൈസൻസുകൾക്കും **1059** സബ്സിഡികൾക്കുമുള്ള അപേക്ഷകളും പരിഗണിച്ചു.

(സി) ഈ പദ്ധതി പ്രകാരം സൃഷ്ടിക്കപ്പെട്ടിട്ടുള്ള തൊഴിലവസരങ്ങൾ സംബന്ധിച്ച് കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ; എത്ര നിക്ഷേപം നടത്താൻ കഴിഞ്ഞു എന്നതുസംബന്ധിച്ച് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

(സി) നിലവിൽ ഇതുവരെ 127,214 സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. 2023 ജനുവരി 30 വരെയുള്ള കണക്ക് പ്രകാരം ജില്ലാ തലത്തിൽ തുടങ്ങിയ സംരംഭങ്ങളുടെ എണ്ണവും, നിക്ഷേപവും അതു വഴി ഉണ്ടായ തൊഴിലവസരങ്ങളുടെ എണ്ണവും ചുവടെ ചേർക്കുന്നു.

| **ജില്ല** | **ലക്ഷ്യം** | **തുടങ്ങിയസംരംഭങ്ങളുടെ എണ്ണം** | **നേട്ടം (%)** | **നിക്ഷേപംകോടി രൂപയിൽ** | **തൊഴിലവസരങ്ങൾ** |
|---|---|---|---|---|---|
| തിരുവനന്തപുരം | 14902 | 12303 | 82.56 | 750.92 | 25848 |
| കൊല്ലം | 11775 | 11559 | 98.17 | 593.09 | 23495 |
| പത്തനംതിട്ട | 5408 | 4959 | 91.07 | 230.87 | 10356 |
| ആലപ്പുഴ | 9666 | 9770 | 101.08 | 516.51 | 20757 |
| കോട്ടയം | 8834 | 7343 | 83.12 | 410.05 | 15331 |
| ഇടുക്കി | 5007 | 3703 | 73.96 | 204.18 | 7620 |
| എറണാകുളം | 14610 | 12245 | 83.81 | 1040.79 | 29784 |
| തൃശ്ശൂർ | 13533 | 12991 | 95.99 | 699.57 | 27262 |
| പാലക്കാട് | 12721 | 11254 | 88.47 | 578.62 | 24578 |
| മലപ്പുറം | 18601 | 11355 | 61.05 | 776.34 | 36357 |
| കോഴിക്കോട് | 13925 | 11022 | 79.15 | 791.76 | 24336 |
| വയനാട് | 3687 | 3821 | 103.63 | 228.68 | 7979 |
| കണ്ണൂർ | 11366 | 11199 | 98.53 | 667.11 | 22766 |
| കാസർഗോഡ് | 5965 | 3690 | 61.86 | 222.36 | 7462 |
| **ആകെ** | **150000** | **127214** | **84.81** | **7710.85** | **273931** |

സെക്ഷൻ ഓഫീസർ